**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കാസർഗോഡ് ജില്ലയിലെ ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. വിധു എ. മേനോൻ സമർപ്പിച്ച അപ്പീൽ അപേക്ഷ തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം. 1832/2018/തസ്വഭവ തീയതി, തിരുവനന്തപുരം, 04.07.2018.

==========================================================================

പരാമർശം: 1. പഞ്ചായത്ത് ഡയറക്ടറുടെ 22.04.2014-ലെ ഡി9-1708/04 നമ്പർ നടപടിക്രമങ്ങൾ

2. ശ്രീ. വിധു എ. മേനോൻ സമർപ്പിച്ച 02.09.2014-ലെ അപ്പീൽ അപേക്ഷ

3. പഞ്ചായത്ത് ഡയറക്ടറുടെ 10.03.2015, 11.01.2016, 24.08.2017, 04.04.2018 എന്നീ തീയതികളിലെ ഡി9-1708/04 നമ്പർ കത്ത്.

**ഉത്തരവ്**

ശ്രീ. വിധു എ. മേനോൻ കാസർഗോഡ് ജില്ലയിലെ ഈസ്റ്റ് എളേരി ഗ്രാമ പഞ്ചായത്തിൽ സെക്രട്ടറിയായി ജോലി നോക്കി വരവെ ഗ്രാമപഞ്ചായത്തിൽ വനാതിർത്തിയിൽ നിന്നും 5 കിലോമീറ്ററിനുള്ളിൽ പ്രവർത്തിച്ച വന്നിരുന്ന വിജയാ വുഡ് ഇൻഡസ്ട്രീസ് എന്ന സ്ഥാപനം ഉൾപ്പെടുന്ന മരമില്ലുകൾക്ക് ലൈസൻസ് പുതുക്കി നൽകേണ്ടതില്ലെന്ന് ബഹു. സുപ്രീം കോടതിയുടെ 12.12.1996 ലെ 93/99 നമ്പർ കേസിലെ വിധിന്യായത്തിന്റെയും കണ്ണൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ കത്തിന്റെയും അടിസ്ഥാനത്തിൽ പ്രവർത്തനം നിർത്തിവയ്ക്കാൻ സ്ഥാപനത്തിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി നോട്ടീസ് നൽകുകയുണ്ടായി. ഈ നോട്ടീസിനെതിരെ മില്ലുടമ ബഹു. ഹൈക്കോടതിയിൽ നിന്നും CMP No. 40700/2002 ൽ OP No. 24000/02 നമ്പർ പ്രകാരം സമ്പാദിച്ച സ്റ്റേ ഉത്തരവ് വെക്കേറ്റ് ചെയ്യുന്നതിനോ കൗണ്ടർ പെറ്റീഷൻ സമർപ്പിക്കുന്നതിനോ നടപടി സ്വീകരിച്ചില്ല എന്ന ആരോപണം മുൻനിർത്തി കാസർഗോഡ് ജില്ലയിലെ ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. വിധു എ. മേനോൻ ഉൾപ്പെടെ 16 ഉദ്യോഗസ്ഥർക്ക് എതിരെ 24.05.2012 ന് കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിക്കുകയും ശ്രീ. വിധു എ. മേനോൻ ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന 02.07.2003 മുതൽ 04.03.2004 വരെയുള്ള കാലയളവിലാണ് ഇടക്കാല സ്റ്റേ ഉത്തരവ് നീട്ടിക്കൊണ്ടുള്ള ബഹു.ഹൈക്കോടതിയുടെ 08.07.2003-ലെ രണ്ടാമത്തെ ഉത്തരവ് ലഭിച്ചത് എന്നതിനാലും അതിൻമേൽ തുടർ നടപടി സ്വീകരിച്ചിട്ടില്ല എന്ന് ബോധ്യപ്പെട്ടതിനാലും നടപടിക്രമങ്ങൾ പാലിച്ച് രണ്ട് വാർഷിക ശമ്പള വർദ്ധനവ് സഞ്ചിതഫലമില്ലാതെ രണ്ട് വർഷത്തേക്ക് തടഞ്ഞ് പഞ്ചായത്ത് ഡയറക്ടർ പരാമർശം (1) പ്രകാരം അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവായിരുന്നു. ഇതിനെതിരെ പരാമർശം (2) പ്രകാരം അപ്പീൽ അപേക്ഷ സമർപ്പിക്കുകയും ആയതിൽ തന്നെ നേരിൽ കേൾക്കണമെന്ന് അഭ്യർത്ഥിക്കുകയുമുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ നേരിൽ കേൾക്കുന്നതിന് അവസരം നൽകി.

ശ്രീ. വിധു എ. മേനോൻ നൽകിയ അപ്പീലിൽ താൻ 02.07.2003 മുതൽ 04.03.2004 വരെ പ്രസ്തുത പഞ്ചായത്തിൽ സേവനമനുഷ്ഠിച്ചിരുന്നുവെന്നും ആയത് തന്റെ പി.എസ്.സി. വഴിയുള്ള ആദ്യത്തെ നിയമനം ആയിരുന്നുവെന്നും മേൽ കോടതി വിധിയെപ്പറ്റി തനിക്ക് അറിയില്ലായിരുന്നുവെന്നും ഇത് സംബന്ധിച്ച് കോടതി നോട്ടീസ് 09.09.2002 ൽ പഞ്ചായത്തിൽ ലഭിച്ചിരുന്നുവെന്നും എന്നാൽ പ്രസ്തുത

സമയത്ത് സേവനമനുഷ്ഠിച്ചിരുന്ന സെക്രട്ടറിമാർ ഒന്നും തന്നെ കേസുനടത്തിപ്പിന് കൗൺസിലറെ നിയമിക്കുകയോ തുടർ നടപടി സ്വീകരിക്കുകയോ ചെയ്തിരുന്നില്ലെന്നും അറിയിച്ചിട്ടുണ്ട്. താൻ ചാർജ്ജ് എടുത്ത സമയത്ത് അത് സംബന്ധിച്ച രേഖകൾ ഒന്നും കൈമാറിയിരുന്നില്ലായെന്നും ആയതിനാൽ പഞ്ചായത്ത് ഡയറക്ടറുടെ 22.04.2014 ലെ ഡി9-1708/14 ലെ ഉത്തരവ് റദ്ദ് ചെയ്ത് തന്നെ കുറ്റവിമുക്തനാക്കണമെന്ന് നേരിൽ കേട്ട വേളയിൽ അറിയിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം ശ്രീ. വിധു എ. മേനോനെ നേരിൽ കേട്ടതിന്റെയും പഞ്ചായത്ത് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. സി.എം.പി നം. 40700/2002 ൽ ഒ.പി. നം. 24000/02 നമ്പർ കേസിൻമേലുള്ള കോടതി നോട്ടീസ് 09.09.2002 ൽ പഞ്ചായത്തിൽ ലഭിച്ചിരുന്നുവെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും അപ്രകാരമൊരു നോട്ടീസ് ലഭ്യമായതായി കാണുന്നില്ലെന്നാണ് പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുള്ളത്. ഹൈക്കോടതിവിധിയിന്മേൽ സ്റ്റേ ഉണ്ടായാൽ അത് ബന്ധപ്പെട്ടവരെ അറിയിക്കാറുണ്ട്. അത് ലഭ്യമായതായി കാണുന്നില്ലായെന്ന റിപ്പോർട്ട് ശരിയായിട്ടുള്ളതാണെന്ന് കരുതുന്നില്ല. ശ്രീ. വിധു എ. മേനോൻ ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്തിൽ ചാർജ്ജെടുത്തപ്പോൾ മേൽ പഞ്ചായത്തിലെ സെക്രട്ടറിയുടെ ചുമതല വഹിച്ചിരുന്ന ശ്രീ. ഭാസുരാങ്കൻ കേസ് സംബന്ധിച്ച രേഖകൾ പരാതിക്കാരനെ ഏൽപ്പിച്ചതായിട്ടുള്ള തെളിവുകൾ കണ്ടെത്താൻ സാധിച്ചിട്ടില്ല എന്നാണ് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ശ്രീ.വിധു എ. മേനോന് എതിരെയുള്ള അച്ചടക്ക നടപടി ടിയാൻ ചെയ്ത കുറ്റത്തിന് ആനുപാതികമല്ല. എന്നാൽ രണ്ടാമത്തെ നോട്ടീസ് ലഭിച്ച ശേഷം തീർച്ചയായും തുടർ നടപടി സ്വീകരിക്കേണ്ടതായിരുന്നു. മേൽ സാഹചര്യത്തിൽ ടിയാനെ ശിക്ഷാനടപടിയിൽ നിന്നും പൂർണ്ണമായി ഒഴിവാക്കുന്നത് ശരിയല്ല എന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ ടിയാന് പഞ്ചായത്ത് ഡയറക്ടർ നൽകിയ ശിക്ഷ ഇളവു ചെയ്ത് 'സെൻഷ്വർ' എന്ന ശിക്ഷ നൽകി അപ്പീൽ അപേക്ഷ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എസ്. മോഹൻദാസ്**

അഡീഷണൽ സെക്രട്ടറി

1. ശ്രീ. വിധു എ. മേനോൻ, മുൻ സെക്രട്ടറി, ഈസ്റ്റ് എളേരി ഗ്രാമപഞ്ചായത്ത്
(പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്), തദ്ദേശ സ്വയംഭരണ വകുപ്പ്, നന്തൻകോട്
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.81363/ഇപിബി3/2014/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ